പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.806

30.6.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

## സംസ്ഥാനത്തെ ഭൂമി കയ്യേറ്റങ്ങൾ

ചോദ്യം
ശ്രീ.സി.ദിവാകരൻ:
ശ്രീമതി.ഇ.എസ്.ബിജിമോൾ :
ശ്രീ.ഇ.ചന്ദ്രശേഖരൻ :
ശ്രീ.കെ.അജിത് :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഇപ്പോൾ ഭൂമി കയ്യേറ്റങ്ങൾ നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ; കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ കയ്യേറിയ ഭൂമിയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ : | (എ). സംസ്ഥാനത്ത് ഇപ്പോൾ ഒറ്റപ്പെട്ട ഭൂമി കൈയ്യേറ്റം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ സർക്കാർ ഭൂമി കയ്യേറ്റം കണ്ടെത്തിയിട്ടില്ല.<br><br>ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ തിരുവൻവണ്ടൂർ വില്ലേജിൽ സർവ്വേ നം.376-ൽ 0.01 ആർസ് റോഡ് പുറമ്പോക്ക്, മാവേലിക്കര താലൂക്കിലെ പാലമേൽ വില്ലേജിൽ 11.95 പുറമ്പോക്ക്, വെട്ടിയാർ വില്ലേജിൽ 9.85 ആർ പുറമ്പോക്ക്,ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി വില്ലേജിൽ 23.34 ആർസ് ഭൂമി കയ്യേറിയിട്ടുണ്ട്.<br><br>കോട്ടയം ജില്ലയിൽ കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മീനച്ചിൽ താലൂക്കിൽ ഈരാറ്റുപേട്ട വില്ലേജിൽ ബ്ലോക്ക് നം.48-ൽ സർവ്വെ 93-ൽപ്പെട്ട ആറ്റുപുറമ്പോക്ക് ഭൂമിയിൽ അനധികൃതമായി കെട്ടിടം നിർമ്മിച്ച് ശ്രീ.അലക്സ് ജോസഫ്, ശ്രീ.പി.എസ്.സതീശൻ എന്നിവർക്കെതിരെ കേസ് ബുക്ക് ചെയ്ത് വിചാരണ നടത്തുകയും, വിചാരണയിൽ കയ്യേറ്റ സ്ഥലത്തുള്ള കെട്ടിടം പൊളിച്ചു നീക്കിക്കൊള്ളാമെന്ന് സ്വമേധയാ സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്കിൽ കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരയ്ക്കാട് വില്ലേജ് സർവ്വെ 41-ൽപ്പെട്ട 0.0151 ഹെക്ടർ പാറപുറമ്പോക്ക് ഭൂമി കയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.<br><br>പാലക്കാട് ജില്ലയിൽ 7 കേസുകളിലായി 0.0060 ഹെക്ടർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| | കാസർഗോഡ് ജില്ലയിൽ രണ്ട് മാസത്തിനിടെ കയ്യേറിയ ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർത്തു കൊള്ളുന്നു.<br><br>പുല്ലൂർ വില്ലേജ് - സർവ്വേ നം.331/2 0.10 ഏക്കർ<br>ചീമേനി വില്ലേജ് - സർവ്വേ നം.260/1എ1 0.03 ഏക്കർ<br>കൊടക്കാട് വില്ലേജ് - സർവ്വേ നം.164/സി1 0.10 ഏക്കർ<br><br>**ഇടുക്കി ജില്ല**<br>ദേവികുളം താലൂക്കിൽ KDH വില്ലേജിലെ പാർവ്വതിമലയിലും മന്നവൻ ചോലയിൽ വട്ടവട വില്ലേജിലും ആനവിരട്ടി വില്ലേജിലും കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പാർവ്വതിമല - KDH വില്ലേജിലെ 3 കയ്യേറ്റങ്ങൾ, വട്ടവട സർക്കാർ ഭൂമിയിൽ അനധികൃത റോഡുനിർമ്മാണം, ആനവിരട്ടി സർവ്വേ നം.178-1 കയ്യേറ്റം, മന്നവൻ ചോല KDH വില്ലേജ് 5 കയ്യേറ്റങ്ങൾ ഉടുമ്പൻചോല താലൂക്കിലെ ചിന്നക്കനാൽ വില്ലേജിൽ 250 ഏക്കർ എന്ന സ്ഥലത്ത് സർക്കാർ അധീനതയിലുള്ള സ്ഥലത്ത് റോഡ് നിർമ്മിച്ചത് ഒഴിപ്പിച്ചിട്ടുണ്ട്. 70 ഏക്കർ എന്ന സ്ഥലത്തേയ്ക്ക് വഴിയിൽ പ്രവേശനം തടഞ്ഞുകൊണ്ട് സ്ഥാപിച്ചിരുന്ന ഗേറ്റ് നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. ആനയിറങ്കൽ ഡാമിന് സമീപമുള്ള സർക്കാർ ഭൂമിയിലെ 1 ഏക്കർ കയ്യേറ്റഭൂമിയിലെ ഇഞ്ചി കൃഷി നശിപ്പിക്കുകയും ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയായിൽ അനധികൃതമായി നടത്തി വരുന്ന ദി പെന്തക്കോസ്തൽ മിഷൻ ചർച്ചിന്റെ നിർമ്മാണം നിറുത്തി വച്ചിട്ടുള്ളതും കെ.എൽ.സി. പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br><br>ബൈസൺവാലി വില്ലേജിൽ പോതമേട് ഭാഗത്ത് ഏലം കുത്തകപ്പാട്ട ഭൂമിയിൽ കുത്തകപ്പാട്ട നിയമങ്ങൾ ലംഘിച്ച് 2.5 കി.മീറ്റർ നീളത്തിലും, 3.5 മീറ്റർ വീതിയിലും ഒരു റോഡ് നിർമ്മിച്ചിട്ടുള്ളതായും ബൈസൺവാലി വില്ലേജിൽ ഉപ്പള എന്ന സ്ഥലത്ത് സർക്കാർ ഭൂമിയിൽ അനധികൃതമായി ഷെഡ് നിർമ്മാണം കണ്ടെത്തുകയും കയ്യേറ്റങ്ങൾക്കെതിരെ കെ.എൽ.സി. നിയമ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.<br><br>**വയനാട് ജില്ലയിൽ** സുൽത്താൻ ബത്തേരി താലൂക്കിൽ നെൻമേനി വില്ലേജിൽ എടക്കൽ ഗുഹാപരിസരത്ത് സർവ്വെ നം.215/1എ1 എം.സി. 30 പാർട്ട് റീസർവ്വേ 442-ൽ 00100 ഹെക്ടർ പുറമ്പോക്ക് അല്ലാത്ത സർക്കാർ ഭൂമിയിൽ ഒന്നര മാസക്കാലമായി ഗുമ്മട്ടികൾ വച്ച് കച്ചവടം ചെയ്തു വരുന്നു. ബി ഫോറം നോട്ടീസ് നൽകി ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**പത്തനംതിട്ട ജില്ലയിൽ** കഴിഞ്ഞ 2 മാസത്തിനിടയിൽ കോഴഞ്ചേരി താലൂക്കിൽപ്പെട്ട വണ്ടിക്കോട് വില്ലേജിൽ ബ്ലോക്ക് 27-ൽ റീസർവ്വേ നം.356/1-ൽപ്പെട്ട ഭൂമി കയ്യേറിയതായും, തിരുവല്ല താലൂക്കിൽ കറ്റൂർ വില്ലേജിൽ ബ്ലോക്ക്-11-ൽ റീസർവ്വേ നം.481/6-ൽപ്പെട്ട തോട് പുറമ്പോക്കിന്റെ 48 ച.മീ ഭാഗവും റീസർവ്വേ 154/9-ൽപ്പെട്ട |

| | |
|---|---|
| | തോടുപ്പുഴശ്ശേരി വില്ലേജിൽ ബ്ലോക്ക് നം.23-ൽ റീസർവ്വെ നം.229/17-ൽപ്പെട്ട റോഡു പുറമ്പോക്കിന്റെ 13 ച.മീ. ഭാഗവും അനധികൃതമായി കയ്യേറിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്ത് ഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള പരാതികൾ പോലീസിന് കൈമാറാറുണ്ടോ ; ഉണ്ടെങ്കിൽ ഇതിനകം എത്ര പരാതികൾ നൽകി ; ഈ പരാതികളിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ബി) ഉണ്ട്. കൊല്ലം ജില്ലയിൽ ഭൂമി കയ്യേറ്റം സംബന്ധിച്ചുള്ള പരാതികളിൽ കേരളാ ഭൂ സംരക്ഷണ ഭേദഗതി നിയമ പ്രകാരം നടപടികൾ കൈക്കൊള്ളുകയും ജില്ലയിലെ പത്തനാപുരം താലൂക്കിൽ ഒരു കേസ് പോലീസിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിൽ കേരളാ ഭൂസംരക്ഷണ നിയമം (ഭേദഗതി) 2009 പ്രകാരം ദേവികുളം താലൂക്കിൽ KDH വില്ലേജിൽ 43 എണ്ണവും, ആനവിരട്ടി, കീഴാന്തൂർ വില്ലേജുകളിൽ ഓരോന്നു വീതവും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് പോലീസിന് റിപ്പോർട്ട് ചെയ്യുകയും, ഉടുമ്പൻചോല താലൂക്കിൽ 31 കേസുകൾ ശാന്തമ്പാറ പോലീസ്, കോട്ടയം ക്രൈംബ്രാഞ്ച്, വിജിലൻസ് എന്നിവയുടെ അന്വേഷണത്തിലുമാണ്.<br><br>കോട്ടയം ജില്ലയിൽ മീനച്ചൽ താലൂക്കിൽപ്പെട്ട മൂന്ന് കേസുകൾ പോലീസിന് കൈമാറിയിട്ടുണ്ട്. 5 പേർക്കെതിരെ കേസ് എടുക്കുന്നതിന് എസ്.ഐ, സി.ഐ എന്നിവർക്ക് അറിയിപ്പ് നൽകി. തൃശ്ശൂർ ജില്ലയിൽ റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) 2009-ലെ ഭൂസംരക്ഷണ നിയമ ഭേദഗതി പ്രകാരം ഭൂമി കയ്യേറിയതിനും ഇതിനു സഹായിച്ചതിനും വ്യാജ രേഖ ചമയ്ക്കുന്ന-തിനുമായി എത്ര പേർക്കെതിരെ കേസ്സ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) **കൊല്ലം ജില്ലയിൽ** - 45 കേസുകൾ<br>**പത്തനംതിട്ട** - 4 കേസുകൾ<br>**ഇടുക്കി** - 58 കേസുകൾ<br><br>മറ്റ് ജില്ലയിൽ അത്തരത്തിൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |

Vajeeu

സെക്ഷൻ ഓഫീസർ